## വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

വിഷയം :- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം – മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും അവധിയിൽ പ്രവേശിച്ച സീനിയർ ക്ലർക്ക് ശ്രീ എൽദോ വർഗ്ഗീസ് – പുനർനിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:– 1) മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6.11.2014 എ4–3649/13 നമ്പർ കത്ത്.
2) ശ്രീ എൽദോ വർഗ്ഗീസിന്റെ 1.11.2014 തീയതിയിലെ അപേക്ഷ.
3) സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 2758/2014 തസ്വഭവ തീയതി 24.10.2014 നമ്പർ ഉത്തരവ്.

### ഉത്തരവ് നമ്പർ എ2–103/2011 തീയതി 17/11/2014

പരാമർശം (1), (2) പ്രകാരം മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ നിന്നും 10.12.2013 തീയതി മുതൽ 18.11.2014 വരെ ശൂന്യവേതന അവധിയിലായിരുന്ന സീനിയർ ക്ലാർക്ക് ശ്രീ എൽദോ വർഗ്ഗീസ് അവധി തീരുന്ന മുറയ്ക്ക് സേവനത്തിൽ പുന:പ്രവേശിക്കുന്നതിന് പരാമർശം (1),(2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം കേരള സർവ്വീസ് റൂൾ ചട്ടം 88 ലെ നിബന്ധനകൾ വിധേയമായി ടിയാൾക്ക് അവധി അനുവദിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ എൽദോ വർഗ്ഗീസിന് മാനന്തവാടി ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകി ഉത്തരവാകുന്നു. ടിയാൻ അവധി തീരുന്നതിന്റെ തൊട്ടടുത്ത ദിവസമായ 19.11.2014 തീയതിയിൽ മാനന്തവാടി ഗ്രാമപഞ്ചായത്ത് ഓഫീസിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. സേവനത്തിൽ പ്രവേശിച്ച വിവരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ ഓഫീസിലും ബന്ധപ്പെട്ട മറ്റ് ഓഫീസിലും യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
എം.ഭാസ്കരൻ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
വയനാട്

എൽദോ വർഗ്ഗീസ്
സീനിയർ ക്ലാർക്ക്

പകർപ്പ് :

പഞ്ചായത്ത് ഡയറക്ടർ (ഉപരിപത്രം സഹിതം)
സെക്രട്ടറി , മുള്ളൻകൊല്ലി, മാനന്തവാടി ഗ്രാമപഞ്ചായത്ത്
ഐ.കെ.എം ഡയറക്ടർ, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ/അധികം

*B/*